# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാചോദ്യം നം.322 21-06-2018-ലെ മറുപടിക്ക്

**ചോദ്യം** **ഉത്തരം**

ശ്രീ. എം. വിൻസെന്റ്
,, കെ.സി. ജോസഫ്
,, വി.പി. സജീന്ദ്രൻ
,, സണ്ണി ജോസഫ്

ഡോ.ടി.എം. തോമസ് ഐസക്ക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

**റവന്യൂ വരവിന്റെ വളർച്ച നിരക്ക്**

| | | |
|---|---|---|
| (എ) | 2016-17ലെ സംസ്ഥാനത്തെ റവന്യൂ വരവിന്റെ വളർച്ചനിരക്ക് കഴിഞ്ഞ അഞ്ചുവർഷത്തിനുള്ളിൽ ഏറ്റവും കുറഞ്ഞതാണെന്ന സി ആന്റ് എ.ജി. റിപ്പോർട്ടിലെ പരാമർശം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; | സംസ്ഥാന സമ്പദ് വ്യവസ്ഥയെക്കുറിച്ചുള്ള കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ 31.03.2017 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ റിപ്പോർട്ട് പ്രകാരം സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം മുൻ വർഷത്തെ (2015-16) അപേക്ഷിച്ച് 9.53% വളർച്ച രേഖപ്പെടുത്തിയിട്ടുണ്ട്. അതേസമയം ടി വളർച്ചാ നിരക്ക് മുൻ വർഷങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കുറവാണെന്നും റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുണ്ട്. റവന്യൂവരുമാനത്തിലെ വളർച്ചയിൽ വന്ന കുറവ് സംബന്ധിച്ച് സർക്കാർ വിലയിരുത്തൽ നടത്തിവരുന്നുണ്ട്. |
| (ബി) | സി ആന്റ് എ.ജി. റിപ്പോർട്ടിലെ പ്രസ്തുത കണ്ടെത്തൽ സംസ്ഥാന സർക്കാരിന്റെ വീഴ്ചയെ സൂചിപ്പിക്കുന്നതായി വിലയിരുത്തുന്നുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ ഏതൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; | 2006-2011 കാലയളവിൽ ശരാശരി 17.20% വളർച്ച കൈവരിച്ച സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം 2011-2016 ആയപ്പോഴേക്കും ശരാശരി വളർച്ച 12.40% ലേക്ക് കുത്തനെ ഇടിയുകയാണുണ്ടായത്. 2006-2011 കാലയളവിൽ വാണിജ്യ നികുതി പിരിവിന്റെ വളർച്ചാനിരക്ക് പല ഘട്ടങ്ങളിലും സംസ്ഥാനത്തിന്റെ മൊത്തം സാമ്പത്തിക വളർച്ചാനിരക്കിനേക്കാൾ അധികരിച്ച നിലയിൽ ഉയർന്നിരുന്നു. എന്നാൽ 2011-2016 കാലയളവിലെ അവസാന മൂന്നു വർഷങ്ങളിൽ ഇത് സംസ്ഥാന സാമ്പത്തിക വളർച്ചയെക്കാൾ പിന്നിലേക്കു പോകുകയാണുണ്ടായത്. തത്ഫലമായി 2006-2011 ൽ 66.8% ആയിരുന്ന റവന്യൂ വരുമാനത്തിലെ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാന വിഹിതമെന്നത് 2011-16 ൽ 64% ആയി ഇടിഞ്ഞു. അഴിമതിയുടെയും നികുതി ഭരണത്തിലെ കെടുകാര്യസ്ഥതയുടെയും സ്വജനപക്ഷ പാതത്തിന്റെയും ഫലമായി സംജാതമായ മേൽ വീഴ്ചയിൽ നിന്നും സംസ്ഥാനത്തെ മുക്തമാക്കുന്നതിനുള്ള ശ്രമമാണ് സർക്കാർ കൈക്കൊണ്ടുവരുന്നത്. വികലമായ മദ്യ നയം എക്സൈസ് നികുതിയിൽ നിന്നുള്ള വരുമാനത്തിൽ ഗണ്യമായ കുറവ് വരുത്തിയിട്ടുണ്ട്. കേന്ദ്ര സർക്കാരിൽ നിന്നുള്ള ധനസഹായം (കേന്ദ്ര നികുതി വിഹിതം കഴിച്ച്) നിർദ്ദിഷ്ട സി. ആന്റ് |
| (സി) | റവന്യൂ വരവിന്റെ മുഖ്യസ്രോതസായ തനതുനികുതി ക്രമാതീതമായി കുറഞ്ഞത് സംസ്ഥാനസർക്കാരിന്റെ വീഴ്ചയാണെന്ന് കരുതുന്നുണ്ടോ; എങ്കിൽ വിശദീകരിയ്ക്കുമോ? | |

എ.ജി റിപ്പോർട്ട് പ്രകാരം 2013-14 ൽ 37% വും 2014-15 ൽ 81% വും 2015-16 ൽ 19% വും വർദ്ധിച്ചപ്പോൾ 2016-17 ൽ 5% ന്റെ കുറവ് വന്നു. ഇതും റവന്യൂ വരുമാനത്തിലെ വളർച്ചാ നിരക്കിനെ പിന്നോട്ടടിക്കുന്നതിന് ഹേതുവായിട്ടുണ്ട്.

2016 നവംബർ മാസത്തിൽ യാതൊരു അവധാനതയും ഇല്ലാതെ കേന്ദ്ര സർക്കാർ നടപ്പിലാക്കിയ നോട്ട് നിരോധനത്തിന്റെ ഫലമായി രാജ്യത്താകമാനം ഉടലെടുത്ത സാമ്പത്തിക മാന്ദ്യം സംസ്ഥാനത്തിന്റെ തനത് റവന്യൂ വിഭവ ശേഷിയ്ക്ക് കനത്ത ആഘാതമാണ് ഏൽപ്പിച്ചത്. സർക്കാർ നികുതി ഭരണത്തിൽ കൈക്കൊണ്ടുവന്ന പുനരുജ്ജീവനപ്രക്രിയയുടെ ഫലം അതുകൊണ്ട് തന്നെ അപ്രസക്തമാക്കപ്പെട്ടു. സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിന്റെ വളർച്ച കുറഞ്ഞുവരുന്ന പ്രവണത പരിശോധിക്കുന്നതിനും ഇത് മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും സർക്കാരിനോട് സി. ആന്റ്. എ.ജി ശുപാർശ ചെയ്തിട്ടുണ്ട്. ചരക്ക് സേവനനികുതി നടപ്പിലാക്കിയതോടുകൂടി നികുതി ഭരണത്തിൽ സംസ്ഥാനങ്ങൾക്കുള്ള പങ്ക് ഗണ്യമായ തോതിൽ പരിമിതപ്പെട്ടിട്ടുണ്ട്. എന്നാൽ ടി പരിമിതിക്കു ള്ളിൽനിന്നും പരമാവധി വിഭവ സമാഹര ണത്തിനുള്ള ആത്മാർഥവും പ്രായോഗികവുമായ നിതാന്ത പരിശ്രമമാണ് സർക്കാർ നടത്തിവരുന്നത്. ഇതിന്റെ ഭാഗമായി ചുവടെ ചേർക്കുന്ന നടപടികൾ സർക്കാർ കൈക്കൊണ്ടിട്ടുണ്ട്.

1. വിവിധ നികുതി കുടിശ്ശികകൾ തീർപ്പാക്കുന്നതിനായി ആകർഷകമായ ആംനസ്റ്റി സ്കീമുകൾ നടപ്പിലാക്കി.
2. റവന്യു റിക്കവറി നടപടികൾ ഊർജ്ജിതപ്പെടുത്തി.
3. നികുതി ചോർച്ച തടയുന്നതിന്റെ ഭാഗമായി ഇന്റേണൽ ആഡിറ്റ് വിഭാഗം ശക്തമാക്കി.
4. ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് അണ്ടർ വാല്യുവേഷൻ കേസുകൾ തീർപ്പാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി.
5. വിവര സാങ്കേതിക വിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളെ നവീകരിച്ചു.

അക്കൗണ്ട്സ് ഓഫീസർ